## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

### തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്താൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3507

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എം.ഹംസ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; നാളിതുവരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ, ജില്ല തിരിച്ച് നൽകാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരാൾക്ക് എത്ര തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്; ഇപ്പോൾ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാവുന്നു; തൊഴിൽ ദിനങ്ങൾ വർധിപ്പിച്ചു നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കുമോ; | (ബി) | ഒരു സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ആവശ്യാധിഷ്ഠിതമായി പരമാവധി 100 ദിവസം തൊഴിൽ നൽകുവാനാണ് പദ്ധതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷം ഒരു കുടുംബത്തിന് ശരാശരി 55 ദിവസത്തെ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് ആവശ്യാധിഷ്ഠിതമായി യഥാസമയം തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ/ ഡിസ്ട്രിക്ട് പ്രോഗ്രാം ഓഫീസറുടെ നിയമപരമായ ബാധ്യതയാണ്. ആയത് നിറവേറ്റുന്നതിനാവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളും അനുമതിയും യഥാസമയം നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മുൻകൂട്ടി തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുന്നതിനും എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ പ്രത്യേക പരിസ്ഥിതിക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (സി) | കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമേ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ആസൂത്രണ /നിർവ്വഹണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കഴിയു. സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്ര /സാമൂഹ്യ/തൊഴിൽ പ്രത്യേകതകൾക്കനുയോജ്യമായ പ്രവൃത്തികൾ മാറ്റങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് സംസ്ഥാനം കേന്ദ്രസർക്കാരിന് നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. കാർഷിക/ ക്ഷീര /കയർ /തീരദേശമേഖലകളിലെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനും, ജോലിസമയം 8 മണിക്കൂറായി കുറയ്ക്കുക, കൂലി 200 രൂപയായി വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. എന്നാൽ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിന് കുറുകേ കയ്യാല നിർമ്മാണം (കോണ്ടൂർ ബണ്ടിംഗ്), ചരിവുള്ള പ്രദേശങ്ങളിൽ കിടങ്ങ് നിർമ്മാണം (കോണ്ടൂർ ട്രഞ്ചസ്), കല്ല് കയ്യാല (Bolder check), കല്ല് കെട്ടിനെ കമ്പി/കയർ വല ഉപയോഗിച്ചുള്ള ശക്തിപ്പെടുത്തൽ രീതി. (ഗാബിയോൺ സ്ട്രക്ച്ചർ), ഭൂഗർഭ നീരൊഴുക്ക് സംരക്ഷിക്കുന്ന അടിയണകളുടെ നിർമ്മാണം, (അണ്ടർ ഗ്രൗണ്ട് ഡൈക്ക്) മൺതടയണകൾ (എർത്തേൺ ഡാംസ്), തടയണകൾ (സ്റ്റോപ്പ് ഡാംസ്) നീരുറവകളുടെ സംരക്ഷണം, (സ്പ്രിംഗ് ഷെഡ് ഡവലപ്പ്മെന്റ്) എന്നീ പ്രവൃത്തികൾ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ജലസംരക്ഷണവും മഴകൊയ്ത്തും<br>2. വനസംരക്ഷണവും മരം വച്ച് പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും<br>3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ<br>4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ, ഭൂപരിഷ്കരണത്തിലൂടെ ഭൂമി ലഭിച്ചവർ ഐ.എ.വൈ ഗുണഭോക്താക്കൾ, 2008 ലെ കാർഷിക കടാശ്വാസ പദ്ധതിയിൽ നിർവ്വചിക്കും പ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ, പരമ്പരാഗത വനവാസികൾ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം, പഴകൃഷി, തോട്ടവിള, കുളം കുഴിക്കൽ, കൃഷിഭൂമിക്ക് ബണ്ട് ഒരുക്കൽ, ഭൂവികസനം എന്നീ പ്രവൃത്തികൾ<br>5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനർനിർമ്മാണം<br>6. ഭൂവികസനം<br>7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്ക്ചാൽ നിർമ്മാണം, തീരപ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ചാലുകളുടെ നിർമ്മാണം തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും<br>8. ഗ്രാമത്തിനുള്ളിലുള്ള ഏത് കാലാവസ്ഥയിലും ഉപയോഗയോഗ്യമായ റോഡുകളുടെ നിർമ്മാണം<br>9. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം<br>10. NADEP കമ്പോസ്റ്റിംഗ്, വെർമി കമ്പോസ്റ്റിംഗ്, ദ്രവ-ജൈവ വളങ്ങൾ ഉത്പാദിപ്പിക്കൽ തുടങ്ങിയ കാർഷിക |

<u>അനുബന്ധം</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | | | 1228125 | 3752970 | 5973003 | 9446658 | 13020878 |
| കൊല്ലം | | | 506391 | 1497689 | 3006416 | 4778416 | 6905230 |
| പത്തനംതിട്ട | | | 416763 | 1250440 | 1847850 | 2361721 | 3703029 |
| ആലപ്പുഴ | | | 533946 | 2316524 | 5482525 | 7424403 | 9338401 |
| കോട്ടയം | | | 188589 | 879362 | 2088192 | 2991701 | 3555225 |
| ഇടുക്കി | | 258192 | 1526847 | 3302074 | 5966973 | 5681449 | 7582382 |
| എറണാകുളം | | | 671983 | 1243033 | 3194009 | 5178614 | 5802199 |
| തൃശൂർ | | | 971293 | 2150375 | 4073461 | 424858 | 5794466 |
| പാലക്കാട് | 1156000 | 2672574 | 3718186 | 4271461 | 4689470 | 5310818 | 7167504 |
| മലപ്പുറം | | | 777904 | 2131002 | 3389498 | 4137495 | 5422357 |
| കോഴിക്കോട് | | | 610204 | 2005438 | 3768943 | 4334236 | 5486961 |
| വയനാട് | 893000 | 2722508 | 2600593 | 2534416 | 1998180 | 2676313 | 3377782 |
| കണ്ണൂർ | | | 563352 | 1129660 | 1836388 | 2639480 | 3441928 |
| കാസർഗോഡ് | | 315334 | 1309547 | 1538557 | 2007744 | 2100048 | 2805248 |
| ആകെ | | | 15623723 | 30003001 | 49322652 | 59486210 | 83403590 |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| | | | സംബന്ധമായ പ്രവൃത്തികൾ<br>11. കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കന്നുകാലികൾക്കുള്ള തൊഴുത്തിന് ഉറപ്പുള്ള തറ/ഗോമൂത്ര സംഭരണി/പുൽതൊട്ടി എന്നിവയുടെ നിർമ്മാണം, കന്നുകാലികളുടെ പൂരക തീറ്റ ഇനമായ അസോളയുടെ കൃഷി<br>12. പൊതുസ്ഥലങ്ങളിൽ വർഷക്കാലത്ത് രൂപപ്പെടുന്ന വെള്ളക്കെട്ടുകളിൽ മത്സ്യകൃഷി<br>13. മത്സ്യം ഉണക്കി സൂക്ഷിക്കുന്ന യാർഡുകളുടെ നിർമ്മാണം തീരദേശ പ്രദേശങ്ങളെ കടലാക്രമണത്തിൽ നിന്നും സംരക്ഷിക്കുന്ന മരങ്ങൾ കടലോരങ്ങളിൽ നട്ട് വളർത്തൽ<br>14. സോക്ക്പിറ്റ്, റീചാർജ്ജ് പിറ്റ് തുടങ്ങിയ ഗ്രാമീണ കുടിവെള്ള സംരക്ഷണ പ്രവൃത്തികൾ<br>വ്യക്തിഗത കക്കൂസ്, സർക്കാർ സ്കൂൾ/അംഗണവാടികളിൽ ശൗചാലയങ്ങളുടെ നിർമ്മാണം, ഖര-ദ്രവ മാലിന്യ പരിപാലനം തുടങ്ങിയ ശുചിത്വ പ്രവർത്തനങ്ങൾ |
| (ഡി) | തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നൽകിവരുന്ന വേതനം വർദ്ധിപ്പിച്ചു നൽകണമെന്ന തൊഴിലാളികളുടെ അപേക്ഷ ശ്രദ്ധയിലുണ്ടോ; എങ്കിൽ എത്രയായി വർധിപ്പിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ കൂലി സംസ്ഥാനത്തെ നിലവിലെ മിനിമം കൂലിയായ 200 രൂപയായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. 01.04.2013 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലി 180/- രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ